# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.233/PR/PIC/PHQ/18    Date : 20.09.2018

---

## സ്പെഷ്യൽ ജുവനൈൽ പോലീസ്  സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയമിച്ചു

സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി വുമൺ സെൽ എസ് പി ആർ നിശാന്തിനിയെ നിയോഗിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി. 18 വയസ്സ് പൂർത്തിയാകാത്ത കുട്ടികൾക്ക് ആവശ്യമെങ്കിൽ സംരക്ഷണവും സുരക്ഷയും നൽകുക, വിവിധ ബോധവൽക്കരണ ക്ലാസുകളും കൗൺസിലിങ്ങും നടത്തുക തുടങ്ങി വിവിധ പ്രവർത്തനങ്ങൾ  സ്പെഷ്യൽ പോലീസ് ജുവനൈൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. ഡിസ്ട്രിക്റ്റ് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജെസ്റ്റിസ് ബോർഡ്, ചൈൽഡ് ലേബർ ഡിപ്പാർട്ട്മെന്റ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി സഹകരിച്ചാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്.